"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - കാസർഗോഡ് നഗരസഭയിലെ പ്രധാന സ്ഥലങ്ങളിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കുന്ന പദ്ധതി- ധനകാര്യ പരിശോധനാ സ്ക്വാഡിന്റെ പരിശോധനയിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ കുറ്റാരോപിതർക്കെതിരെ അച്ചടക്കനടപടി- 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരമുള്ള ഔപചാരിക അന്വേഷണം- അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1016/2026/LSGD തീയതി,തിരുവനന്തപുരം, 15-05-2026

---

പരാമർശം:-

1. ധനകാര്യ ഇൻസ്പെക്ഷൻ (NT-G) വകുപ്പിന്റെ 05.10.2023-ലെ 1989309/FIW-G2/25/2022/Fin നമ്പർ റിപ്പോർട്ട്
2. 14.07.2025-ലെ ഇഡബ്ല്യൂഎ2/24/2025-ത.സ്വ.ഭ.വ നമ്പർ കുറ്റപത്രം / കുറ്റാരോപണപത്രിക.
3. മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ജസ്വന്ത് M.C. 05.01.2026 തീയതിയായും അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. നിധീഷ് V.S. 08.01.2026 തീയതിയായും ഓവർസിയർ ശ്രീ. ഗംഗാധരൻ ജി.-യും സമർപ്പിച്ച പ്രതിവാദപത്രിക

**<u>ഉത്തരവ്</u>**

2017-18 സാമ്പത്തികവർഷം കാസർഗോഡ് നഗരസഭവികസന ഫണ്ടിൽ നിന്നും 5,00,000/- രൂപ വകയിരുത്തി കാസർഗോഡ് നഗരസഭയിലെ പ്രധാന സ്ഥലങ്ങളിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ച പദ്ധതിയുമായി ബന്ധപ്പെട്ട് ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ ഇൻസ്പെക്ഷന്റെ റിപ്പോർട്ട് ധനകാര്യ വകുപ്പ് പരാമർശം (1) പ്രകാരം ലഭ്യമാക്കി.

2. ഇൻസ്പെക്ഷൻ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെയും ശിപാർശയുടെയും അടിസ്ഥാനത്തിൽ, കാസർഗോഡ് മുൻസിപ്പാലിറ്റി മുൻ മുൻസിപ്പൽ എഞ്ചിനിയർ ശ്രീ. ജസ്വന്ത് എം.സി. (PEN-524599), മുൻ അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. നിധീഷ് വി.എസ്. (PEN-630594), ഓവർസിയർ ശ്രീ. ഗംഗാധരൻ ജി.(PEN-552969) എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അച്ചടക്കനടപടി ആരംഭിച്ച് പരാമർശം (2) കുറ്റപത്രം /കുറ്റാരോപണപത്രിക നൽകി. കുറ്റാരോപിതർ കുറ്റങ്ങൾ നിഷേധിച്ചുകൊണ്ട് പരാമർശം

(3) പ്രതിവാദപത്രിക ലഭ്യമാക്കിയിട്ടുണ്ട്.

3. ചട്ടപ്രകാരമുള്ള നടപടിക്രമങ്ങളുടെ ഭാഗമായി, കാസർഗോഡ് മുൻസിപ്പാലിറ്റി മുൻ മുൻസിപ്പൽ എഞ്ചിനിയർ ശ്രീ. ജസ്വന്ത് എം.സി. (PEN-524599), മുൻ അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. നിധീഷ് വി.എസ്.(PEN-630594), ഓവർസിയർ ശ്രീ. ഗംഗാധരൻ ജി. (PEN-552969) എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 (2) പ്രകാരം ഔപചാരിക അന്വേഷണം നടത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിനായി കോഴിക്കോട് നോർത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ ശ്രീ. ബിജോയ് കെ.എൻ. (PEN:564670)-നെ ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവാകുന്നു.

**4. 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ, Manual of Disciplinary Proceedings എന്നിവയിൽ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് കുറ്റപത്രം / കുറ്റാരോപണപത്രികയിൽ ആരോപിച്ചിട്ടുള്ള കുറ്റവുമായി ബന്ധപ്പെട്ട കണ്ടെത്തലുകളും അതിന് ആധാരമായ രേഖകളും വാദിഭാഗം, പ്രതിഭാഗം, സാക്ഷിമൊഴികൾ, അന്വേഷണ ഉദ്യോഗസ്ഥന്റെ അഭിപ്രായം എന്നിവയെല്ലാം ഉൾപ്പെടുത്തിയുള്ള ഒരു ഔപചാരിക അന്വേഷണ റിപ്പോർട്ട് അന്വേഷണ ഉദ്യോഗസ്ഥൻ 45 ദിവസങ്ങൾക്കകം സമർപ്പിക്കേണ്ടതാണ്. അച്ചടക്കനടപടി തീർപ്പാക്കാത്തതിനെതിരെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ജസ്വന്ത് M.C.(PEN-524599) ബഹു. Kerala Administrative Tribunal മുൻപാകെ OA 436/2026 ഫയൽ ചെയ്തിട്ടുള്ളതിനാൽ ഔപചാരിക അന്വേഷണ റിപ്പോർട്ട് സമയബന്ധിതമായി ലഭ്യമാക്കേണ്ടതാണ്.**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DIPUKUMAR S L
അണ്ടർ സെക്രട്ടറി

1. ശ്രീ.ബിജോയ് കെ.എൻ.(PEN-564670), സൂപ്രണ്ടിംഗ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ് നോർത്ത് സർക്കിൾ, കോഴിക്കോട് **(പരാമർശിത രേഖകളുടെ പകർപ്പ് സഹിതം)**
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ
   **(1, 2 ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം **(ഉത്തരവ് പ്രകാരമുള്ള അടിയന്തര തുടർനടപടികൾ സ്വീകരിക്കുന്നതിനായി)**
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള, തൃശ്ശൂർ
5. സ്റ്റോക്ക് ഫയൽ (EWA2/24/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 16-05-2026 11:18:16
സെക്ഷൻ ഓഫീസർ